

Al-Azhar Mosque 1951 *: The Muezzin Calls.....*

# ‘മസ്ജിദുൽ അസ്ഹർ’

പി. മുഹമ്മദ് കുട്ടശ്ശേരി,

ഫാറൂഖ് കോളേജ് കാമ്പസിൽ തലയുയർത്തി നില്ക്കുന്ന വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങൾ; അവയുടെ മധ്യത്തിൽ ഭക്തിയുടെ സംഗീതം പൊഴിക്കുന്ന മനോഹരമായ മസ്ജിദുൽ അസ്ഹർ; ആത്മീയതയുടെ പ്രതീകമായി ഉത്തുംഗതയിലേക്ക് എത്തിനോക്കുന്ന രണ്ടു മിനാരങ്ങൾ - ഒരേ സമയം മതവും ശാസ്ത്രവും, കലയും സാഹിത്യവും, വിജ്ഞാനവും സംസ്കാരവും, ഭക്തിയും പ്രാർത്ഥനയും, പ്രണാമവും കീർത്തനവും എല്ലാം സങ്കല്പിച്ചു രൂപംകൊണ്ടു വിശിഷ്ടമായ ഒരു സാംസ്കാരികാന്തരീക്ഷം. ഒരു പള്ളി സർവ്വകലാശാലയായി മാറിയതാണല്ലോ ഈജിപ്തിലെ അൽ-അസ്ഹർ. കേരളത്തിലെ അൽ-അസ്ഹർ എന്ന് വിശേഷിപ്പിക്കപ്പെടുന്ന മഹത്തായ ഒരു വിജ്ഞാനകേന്ദ്രത്തിലെ പള്ളിക്ക് ‘മസ്ജിദുൽ അസ്ഹർ’ എന്നനാമം എത്ര അന്വർത്ഥമായിരിക്കുന്നു.


“കുട്ടികളെ, നിങ്ങൾ വിഷമിക്കേണ്ട, പള്ളി ഞാൻ പണിതുതരാം” — കാമ്പസിൽ ഒരു പള്ളിയുടെ അഭാവം കാരണം വിദ്യാർത്ഥികൾ വിഷമിക്കുന്നതു കണ്ടപ്പോൾ ഫറോക്കിലെ വ്യവസായപ്രമുഖനും, ഉദാരമതിയുമായ കെ. അവറാൻകുട്ടി ഹാജി അവരെ സമാധാനിപ്പിച്ചു. പള്ളി നിർമ്മിക്കുവാൻ അനുമതിചോദിച്ചുകൊണ്ട് അദ്ദേഹം റൗസത്തുൽ ഉലൂം അസോസിയേഷനയച്ച അപേക്ഷ അസോസിയേഷൻെറ 1948 ഒക്ടോബർ 21-നു ചേർന്ന യോഗം അംഗീകരിച്ചു. പ്രാർത്ഥിക്കാൻ വരുന്നവരുടെ ബാഹുല്യം കാരണം മൂന്നു തവണ അദ്ദേഹത്തിൻെറ കാലത്തുതന്നെ പള്ളി വിപുലീകരിക്കപ്പെട്ടു. മുകൾനിലയുടെ പണി ആരംഭിച്ചുവെങ്കിലും അതു പൂർത്തിയാക്കുംമുമ്പ് അദ്ദേഹം മരിച്ചു. തുടർന്നു പുത്രൻ കെ.സി. ഹസൻകു

ട്ടി ഹാജി പിതാവിന്റെ ചുമതല മുഴുവൻ ഏറ്റെടുത്തു. മുകൾനില പൂർത്തിയാക്കുകയും മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. പള്ളിയുടെ മേൽനോട്ടം വഹിക്കുന്നതും അതിന്റെ മുഴുവൻ ചിലവുകളും നടത്തുന്നതും ഇപ്പോൾ അദ്ദേഹം സ്വന്തമായാണ്. അനാർഭാടമായ സംവിധാനമാണ് ഈ പള്ളിക്കുള്ളതെന്നത് അതിന്റെ സവിശേഷതയാണ്. എന്നാൽ അകത്ത് വേണ്ടത്ര വിശാലതയുണ്ട്.

എല്ലാ വഖ്ത്തി'(സമയം)ലും ധാരാളം പേർ, അധികവും വിദ്യാർത്ഥികൾ, 'ജമാഅത്തി'(സ മൂഹ പ്രാർത്ഥന)ൽപങ്കെടുക്കുന്നു. വിദ്യാർത്ഥികൾ തന്നെയാണ് അധികസമയത്തും പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുക്കുന്ന 'ഇമാം' ആയി നില്ക്കുക. അവർക്ക് 'ഇമാമത്തി'നു പരിശീലനം നല്കുക എന്ന ലക്ഷ്യംകൂടി ഒരു പ്രത്യേക ഇമാമിനെ നിശ്ചയിക്കാത്തതിന്റെ പിന്നിലുണ്ട്. കൃത്യമായി പള്ളിയിൽ വന്ന് പ്രാർത്ഥന നിർവഹിക്കുന്ന വിദ്യാർത്ഥികൾ ഇന്ന് വിദ്യാലയങ്ങളിൽ പൊതുവെ കണ്ടുവരുന്ന അനാശാസ്യതകളിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നു. അതേസമയം ഭക്തി, ധർമ്മനിഷ്ഠ, കൃത്യബോധം, അച്ചടക്കം, സാഹോദര്യമനോഭാവം, മുതിർന്നവരോടുള്ള ആദരം, നിയമങ്ങളും ചിട്ടകളും പാലിക്കാനുള്ള താത്പര്യം തുടങ്ങിയ സൽഗുണങ്ങൾ ബോധപൂർവ്വം നമസ്കരിക്കുന്ന വിദ്യാർത്ഥികളിൽ കാണപ്പെടുകയും ചെയ്യും.

വെള്ളിയാഴ്ച മസ്ജിദുൽ അസ്ഹറിലെ കാഴ്ച അതിമനോഹരമാണ്. ആയിരത്തിലധികം വിദ്യാർത്ഥികളും അധ്യാപകരും മറ്റുള്ളവരും ഇവിടെ സമ്മേളിക്കുന്നു. പള്ളിയിൽ യാതൊരു സ്ഥാനഭേദവുമില്ലാത്തതിനാൽ എല്ലാവരും ഇടകലർന്നാണിരുത്തം. സശ്രദ്ധം 'ഖുത്ബ' (പ്രസംഗം) ശ്രവിച്ചു 'ജുമുഅ' നമസ്കരിക്കുന്നു. ആഴ്ചയിൽ ഒരു ദിവസം ലഭിക്കുന്ന ഈ സാരോപദേശവും, സ മൂഹ പ്രാർത്ഥനയും വിദ്യാർത്ഥികളുടെ ആത്മീയശക്തി നിലനിർത്തുന്നതിൽ വളരെയേറെ സ്വാധീനം ചെലുത്തുന്നു. ഇപ്പോഴത്തെ അറബിക്കോളേജ് പ്രിൻസിപ്പൾ ആണ് കഴിഞ്ഞ ഇരുപത്തിരണ്ടു വർഷമായി മസ്ജിദുൽ അസ്ഹറിൽ വെള്ളിയാഴ്ച പ്രസംഗിക്കുന്ന 'ഖത്തീബ്'.

കോളേജ് പള്ളിയിൽ സ്ത്രീകൾ ധാരാളമായി 'ജുമുഅ'യിലും 'ളുഹർ' 'അസ്ർ' ജമാഅത്ത് നമസ്കാരങ്ങളിലും പങ്കെടുക്കുന്നു. ക്ലാസുവിട്ടാൽ ആൺകുട്ടികളെപ്പോലെ ഭക്തിപൂർവ്വം പെൺകുട്ടികളും പള്ളിയിൽ



വന്ന് പ്രാർത്ഥനനടത്തുന്നതു ഏതൊരു വിശ്വാസിക്കും സന്തോഷദായകമാണ്. മതസംസ്കാരം അനുശാസിക്കുംവിധം വേഷമണിഞ്ഞ ആദർശനിഷ്ഠരായ വിദ്യാർത്ഥിനികളുടെ എണ്ണം കോളേജുകാമ്പസ്സിൽ വർദ്ധിക്കുകയാണെന്നത് ശുഭപ്രതീക്ഷ നല്കുന്നു.

കോളേജ് കാമ്പസിൽ മതപ്രബോധന പ്രവർത്തനങ്ങൾ പലതും നടക്കുന്നുണ്ട്. അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും, മറ്റു സ്റ്റാഫംഗങ്ങളുടെയും മതസാംസ്കാരികപ്രവർത്തനങ്ങൾക്കുള്ള പൊതുവേദിയാണ് റൗസത്താബാദ് ഇസ്ലാമിക് സ്റ്റഡിസർക്കിൾ. ഇതിന്റെ കീഴിൽ നടത്തപ്പെടുന്ന മതപ്രഭാഷണങ്ങളും ക്ലാസ്സുകളും സ്ത്രീകളുടെയും അമുസ്ലിംകളുടെയും സൗകര്യം പരിഗണിച്ച് ഇപ്പോൾ പള്ളിയിൽനിന്ന് കോളേജ് ഓഡിറ്റോറിയത്തിലേക്ക് മാറ്റിയിട്ടുണ്ട്. ചർച്ച, സെമിനാർ, സിമ്പോസിയം എന്നിങ്ങനെ ഈ രംഗത്ത് പല സജീവപരിപാടികളും കാമ്പസ്സിൽ നടത്തപ്പെടുന്നു.

അഞ്ചുനേരത്തെ പ്രാർത്ഥന കൃത്യമായി നിർവഹിക്കുന്ന, സ്രഷ്ടാവിനോടും, സൃഷ്ടികളോടുമുള്ള കടമകൾ ഒരുപോലെ പാലിക്കുന്ന, ഭക്തരും ആദർശശാലികളുമായ അഭ്യസ്തവിദ്യർ ഉയർന്നുവന്ന് ആത്മീയമായും ഭൗതികമായും മുസ്ലിം ന്യൂനപക്ഷം അഭിവൃദ്ധിപ്പെടുക എന്നതാണ് കാമ്പസ്സിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലക്ഷ്യം. അതുകൊണ്ടാണല്ലോ ഈ സ്ഥാപനങ്ങളോടൊപ്പംതന്നെ അവയുടെ മദ്ധ്യത്തിൽ ദൈവസ്മരണയ്ക്കായുള്ള ദേവാലയവും നിർമ്മിക്കപ്പെട്ടത്.

വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും അഭിവൃദ്ധിപ്രാപിച്ച മതനിഷ്ഠയും, സേവനസന്നദ്ധതയുമുള്ള വ്യക്തികൾ സമുദായത്തിലുണ്ടാകുമ്പോൾ ഈ സമുദായത്തിന്റെ യശസ്സ് വർദ്ധിക്കുന്നു.

കഴിഞ്ഞ നാല്പതുവർഷത്തെ പുരോഗതി വിലയിരുത്തപ്പെടുന്ന ഈ സന്ദർഭത്തിൽ ആത്മീയ, ധാർമ്മികരംഗങ്ങളിൽ കാമ്പസ്സിനകത്ത് തൃപ്തികരമായ വളർച്ച സാദ്ധ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. മുസ്ലിം ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിയമിക്കപ്പെടുന്നവർ സമുദായത്തിന്റെ സംസ്കാരത്തേയും, പാരമ്പര്യത്തേയും ആദരിക്കുന്നവരാകണമെന്ന് നിർബന്ധം പിടിക്കേണ്ടിയിരിക്കുന്നു. സെക്കുലർ സ്വഭാവവും, യൂനിവേഴ്സിറ്റി-സർക്കാർ നിയമങ്ങളും പാലിച്ചുകൊണ്ടുതന്നെ മുസ്ലിം ന്യൂനപക്ഷസ്ഥാപനങ്ങളിൽ അവരുടെ സാംസ്കാരിക വ്യക്തിത്വം നിലനിർത്താനും പരിപോഷിപ്പിക്കാനും സാധിക്കുമെന്നതിൽ സംശയമില്ല.